**S.S.L.C. EXAMINATION, MARCH-2013**
**SOCIAL SCIENCE**

**Time: 2½hours** **Total Score : 80**

1. സ്വാതന്ത്ര്യലബ്ദിക്ക് ശേഷം ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങളെ പുന:സംഘടിപ്പിക്കണമെന്ന വാദം ശക്തമായി. തെലുങ്ക സംസാരിക്കുന്നവർക്ക് വേണ്ടി ആന്ധ്രാസംസ്ഥാനം രൂപീകരിക്കണമെന്ന ആവശ്യമുന്നയിച്ച് സ്വാതന്ത്ര്യസമര സേനാനിയായ പോറ്റി ശ്രീരാമലു നിരാഹാരസമരമനുഷ്ഠിച്ച് രക്തസാക്ഷിയായി. അങ്ങനെ ആന്ധ്രാസംസ്ഥാനം രൂപീകരിക്കാൻ കേന്ദ്രസർക്കാർ നിർബന്ധിതമായി. സംസ്ഥാന പുനസംഘടനാ പ്രശ്നം പരിഹരിക്കാനായി ഒരു കമ്മീഷനെ കേന്ദ്രസർക്കാർ നിയോഗിച്ചു.
ജസ്റ്റിസ് ഫസൽ അലി, സർദാർ കെ.എം.പണിക്കർ, ഹൃദയനാഥ് കുൺസ്രു എന്നിവരായിരുന്നു ഈ കമ്മീഷനിലെ അംഗങ്ങൾ. ഈ കമീഷൻ സമർപ്പിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ സംസ്ഥാന പുന:സംഘടനാ നിയമം 1956-ൽ ഇന്ത്യൻ പാർലമെന്റ് പാസ്സാക്കി. ഇതനുസരിച്ച് പതിന്നാല് ഭാഷാസംസ്ഥാനങ്ങളും, ആറ് കേന്ദ്രപ്രദേശങ്ങളും 1956 നവംബർ 1-ന് നിലവിൽ വന്നു.

2. ലോകത്തെ ആകെ കരവിസ്തൃതിയുടെ മൂന്നിൽ ഒരു ഭാഗം ഉൾക്കൊള്ളുന്ന വൻകരയാണ് ഏഷ്യ. വൈവിദ്ധ്യമാർന്ന കാലാവസ്ഥാമേഖലകൾ ഉള്ള വൻകരയാണിത്. ഏഷ്യ വൻകരയുടെ ഭൂമദ്ധ്യരേഖയോടടുത്ത ഭാഗങ്ങളിൽ ഉയർന്ന ചൂടും, ധ്രുവങ്ങളോടടുത്ത പ്രദേശങ്ങളിൽ ഉയർന്ന തണുപ്പും അനുഭവപ്പെടുന്നു. മദ്ധ്യപ്രദേശങ്ങളിൽ മിതമായ കാലാവസ്ഥയും അനുഭവപ്പെടുന്നു. ഈ ഭൂഖണ്ഡത്തിലെ പ്രധാന കാലാവസ്ഥാ മേഖലകൾ താഴെ പറയുന്നവയാണ്.

- ഭൂമദ്ധ്യരേഖാ കാലാവസ്ഥ:- വർഷം മുഴുവൻ ഉയർന്ന താപനിലയും, ഇടിമിന്നലോടു കൂടിയ സംവഹനവൃഷ്ടിയുമാണ് ഈ കാലാവസ്ഥയുടെ സവിശേഷതകൾ.
- മൺസൂൺ കാലാവസ്ഥ :-തണുത്ത് വരണ്ട ശൈത്യകാലം. ചൂടും മഴയും ഇടവിട്ട് അനുഭവപ്പെടുന്ന വേനൽക്കാലവുമാണ് ഈ മേഖലകളിലെ സവിശേഷത.
- മരുഭൂകാലാവസ്ഥ :-കുറഞ്ഞ വർഷപാതവും, ശീതോഷ്ണങ്ങൾ ഈരിയുല്ല വരണ്ട കാലാവസ്ഥയുമാണ് ഇതിന്റെ പ്രത്യേകത.

- മിതശീതോഷ്ണ പുൽപ്രദേശങ്ങൾ:- മിതമായ മഴ, ഉയർന്നചൂട്, തണുപ്പ് എന്നിവ അനുഭവപ്പെടുന്നു.

3. ഫ്രാൻസിൽ ഫ്യൂഡൽ വ്യവസ്ഥിതിക്കെതിരെ പോരാടാൻ കർഷകർക്കും, മധ്യവർഗ്ഗത്തിനും പ്രചോദനമേകിയത് ജ്ഞാനോദയ ചിന്തകരായിരുന്നു. 'മനുഷ്യൻ സ്വതന്ത്രനായി ജനിക്കുന്നു, എന്നാൽ എല്ലായിടത്തും അവൻ ചങ്ങലക്കെട്ടിലാണ് എന്ന റൂസ്സോവിന്റെ വാക്കുകൾ ഫ്രാൻസിനെ അതിതീവ്രതയോടെ വിപ്ലവത്തിലേക്കടുപ്പിച്ചു. സമൂഹത്തിന്റെ അഭിവൃദ്ധിക്കായി ജനങ്ങൾ ഏർപ്പെട്ട ഒരു കരാറിന്റെ ഫലമാണ് രാഷ്ട്രം എന്ന് വാദിച്ച റൂസ്സോവിന്റെ 'സാമൂഹിക ഉടമ്പടി' എന്ന ഗ്രന്ഥം ഫ്രഞ്ച് ജനതയെ ശക്തമായി സ്വാധീനിച്ചു. അതുപോലെ വോൾട്ടയർ, മോണ്ടെസ്ക്യൂ തുടങ്ങിയ ചിന്തകരും നിലവിലിരുന്ന വ്യവസ്ഥയെ സ്വാധീനം ചെയ്തു.

4. ജലസംഭരണികൾക്ക് ഭൂമിയുടെ കാലാവസ്ഥയെ സ്വാധീനിക്കാൻ കഴിയും. ജലസംഭരണികൾ നിർമ്മിക്കപ്പെടുന്നതിന്റെ ഭാഗമായി ജലത്തിനടിയിലാകുന്ന ജീവജാലങ്ങൾ ജീർണ്ണിക്കുന്നതിന്റെ ഭാഗമായി ഉണ്ടാകുന്ന മീഥേൻ പോലുള്ള ഹരിതഗൃഹവാതകങ്ങളും, ഇവ പ്രകാശസംശ്ലേഷണം നടത്തുന്നതിന്റെ ഭാഗമായി ഉപയോഗിക്കപ്പെടുമായിരുന്ന കാർബൺ ഡയോക്സൈഡിന്റെ അളവും അന്തരീക്ഷത്തിൽ വർദ്ധിക്കുന്നതിനിടയാവുന്നു. ഇത് ആഗോളതാപനം വർദ്ധിപ്പിക്കുന്നതിന് ഇടയാക്കുന്നു.

5. വൈവിധ്യങ്ങളെ അംഗീകരിച്ച് അവയെ ബഹുമാനിച്ച് ഇന്ത്യ ഒരു ദേശമാണെന്ന വികാരമുൾക്കൊണ്ട് ഒന്നായി മാറുന്നതാണ് ദേശീയോദ്ഗ്രഥനം. സാമ്പത്തിക സമത്വം നേടിയാൽ മാത്രം ഉദ്ഗ്രഥനം സാധ്യമാകുന്നില്ല. സാമൂഹികവും, രാഷ്ട്രീയവും, മതപരവും, പ്രാദേശികവും, സാമ്പത്തികവുമായ എല്ലാ മാനങ്ങളും അതിനുണ്ട്. ഇന്ത്യയുടെ എല്ലാ തലത്തിലുമുള്ള ഉദ്ഗ്രഥനത്തിന് തടസ്സമായി ചില ഘടകങ്ങൾ വർത്തിക്കുന്നുണ്ട്. ഇതിൽ പ്രധാനമായ ഒന്നാണ് പ്രാദേശികവാദം.

**പ്രാദേശികവാദം :-** 'പ്രാദേശികവാദം' സ്വന്തം രാജ്യത്തേക്കാൾ സ്വന്തം പ്രദേശത്തിന് പ്രാധാന്യം നൽകുന്നു. പ്രാദേശികവാദത്തിനോപ്പം ഭാഷയും, മതവും ചേരുമ്പോൾ അത് ഒറ്റദേശം


എന്നതിന് പകരം പ്രാദേശിക താൽപ്പര്യങ്ങൾക്ക് മുൻതൂക്കം നൽകുന്നു എന്നതാണ്.

6.a) ഭൂമിയിൽ ചില നിശ്ചിത അക്ഷാംശങ്ങൾക്കിടയിൽ ഒരേ അന്തരീക്ഷമർദ്ദമാണ് പൊതുവെ അനുഭവപ്പെടാറ്. ഈ അക്ഷാംശമേഖലകളെ ആഗോള മർദ്ദമേഖലകൾ എന്ന് പറയുന്നു. ഭൗമോപരിതലത്തിലെ വ്യത്യസ്ത ഭാഗങ്ങളിൽ ലഭിക്കുന്ന സൗരവികിരണത്തിന്റെ അളവിലുണ്ടാകുന്ന വ്യത്യാസങ്ങളും ഗതീയ ഘടകങ്ങളും ഭൂമിയിൽ വിവിധ മർദ്ദമേഖലകൾ രൂപം കൊള്ളുന്നതിന് കാരണമാകുന്നു. ഭൂമിയിലെ വിവിധ മർദ്ദമേഖലകൾ താഴെ കൊടുത്തിട്ടുള്ളവയാണ്:-

- മദ്ധ്യരേഖാ ന്യൂനമർദ്ദമേഖലകൾ
- ഉപോഷ്ണ ഉച്ചമർദ്ദമേഖല(ഉത്തരാർദ്ധ ഗോളം)
- ഉപധ്രുവീയ ന്യൂനമർദ്ദമേഖല (ഉത്തരാർദ്ധ ഗോളം)
- ഉപധ്രുവീയ ന്യൂനമർദ്ദമേഖല (ഉത്തരാർദ്ധ ഗോളം)
- ധ്രുവീയ ഉച്ചമർദ്ദമേഖല (ഉത്തരാർദ്ധ ഗോളം)
- ഉപോഷ്ണ ഉച്ചമർദ്ദമേഖല(ദക്ഷിണാർദ്ധ ഗോളം)
- ഉപധ്രുവീയ ന്യൂനമർദ്ദമേഖല (ദക്ഷിണാർദ്ധ ഗോളം)
- ധ്രുവീയ ഉച്ചമർദ്ദമേഖല (ദക്ഷിണാർദ്ധ ഗോളം)

**സ്ഥിരവാതങ്ങൾ:-** നിശ്ചിത മർദ്ദമേഖലകൾക്കിടയ്ക്ക് ഏതാണ്ട് ഒരേ ദിശയിൽ സ്ഥിരമായി വീശുന്ന കാറ്റുകളാണ് സ്ഥിരവാതങ്ങൾ. വാണിജ്യവാതങ്ങൾ, പശ്ചിമവാതങ്ങൾ, ധ്രുവീയവാതങ്ങൾ എന്നിവ സ്ഥിരവാതങ്ങളാണ്. ആഗോളമർദ്ദമേഖലകളാണ് സ്ഥിരവാതങ്ങൾക്ക് അടിസ്ഥാനം.

Smartindia.net.in




i)വാണിജ്യവാതങ്ങൾ:- ഉപോഷ്ണ ഉച്ചമർദ്ദ മേഖലാപ്രദേശങ്ങളിൽ നിന്നും മദ്ധ്യരേഖാ ന്യൂനമർദ്ദമേഖലാ പ്രദേശങ്ങളിലേക്ക് വീശുന്ന കാറ്റുകളാണ് വാണിജ്യവാതങ്ങൾ. ഇവ ഉത്തരാർദ്ധഗോളത്തിൽ വടക്ക് കിഴക്കൻ കാറ്റുകളായും ദക്ഷിണാർദ്ധഗോളത്തിൽ തെക്കുകിഴക്കൻ കാറ്റുകളായും വീശുന്നു. വർഷം മുഴുവൻ ഒരേ ദിശയിലും, ഒരേ ശക്തിയിലും വീശുന്ന കാറ്റുകളാണിവ. പ്രത്യേകിച്ചും സമുദ്രഭാഗങ്ങളിൽ. സമുദ്രങ്ങളിൽ നിന്നും നീരാവി വഹിച്ചു കൊണ്ട് വരുന്ന വാണിജ്യവാതങ്ങൾ വൻകരകളുടെ കിഴക്കുഭാഗത്ത് മഴ പെയ്യിക്കുന്നു. പടിഞ്ഞാറോട്ട് പോകുന്തോറും വായുവിലെ നീരാവിനഷ്ടപ്പെടുന്നതിനാൽവൻകരകളുടെ പടിഞ്ഞാറു ഭാഗങ്ങളിൽ മഴ ലഭിക്കാതെ പോകുന്നു. ഉഷ്ണമേഖലാ മരുഭൂമികൾ വൻകരകളുടെ പടിഞ്ഞാറു ഭാഗത്തായാണ് സ്ഥിതി ചെയ്യുന്നത്. പണ്ട് കാലങ്ങളിൽ കച്ചവടത്തിനായി പായ് കപ്പലിൽ യാത്ര ചെയ്തിരുന്ന സഞ്ചാരികൾക്ക് ഈ കാറ്റ് സഹായകമായിരുന്നു. നിശ്ചിതദിശയിൽ സ്ഥിരമായി വീശുന്നതിനാലാണ് ഇവയ്ക്ക് വാണിജ്യവാതം എന്ന പേര് ലഭിച്ചത്.

ii)പശ്ചിമവാതങ്ങൾ:- ഉപോഷ്ണ ഉച്ചമർദ്ദമേഖലകളിൽ നിന്നും ഉപധ്രുവീയ ന്യൂനമർദ്ദ മേഖലകളിലേക്ക് വീശുന്ന കാറ്റുകളാണ് പശ്ചിമവാതങ്ങൾ. ഉത്തരാർദ്ധഗോളത്തിൽ പശ്ചിമവാതങ്ങൾ തെക്കു പടിഞ്ഞാറ് ദിശയിൽ നിന്നും വടക്കു കിഴക്ക് ദിശയിലേക്ക് വീശുന്നു.

എന്നാൽ ദക്ഷിണാർദ്ധഗോളത്തിൽ ഇവ വടക്കു പടിഞ്ഞാറ് നിന്നും തെക്കു കിഴക്ക് ദിശയിലേക്കാണ് വീശുന്നത്. പടിഞ്ഞാറ് ദിശയിൽ നിന്ന് വീശുന്ന കാറ്റുകളായതിനാലാണ് ഇവയെ പശ്ചിമവാതങ്ങൾ എന്നു വിളിക്കുന്നത്. പശ്ചിമവാതങ്ങൾ ദക്ഷിണാർദ്ധഗോളത്തിൽ തെക്കോട്ട് പോകുന്തോറും വളരെയധികംശക്തിയിൽ വീശുന്നു. വൻകരകളുടെ അഭാവവും, വിസ്തൃതമായുള്ള സമുദ്രങ്ങളുമാണ് ദക്ഷിണാർദ്ധഗോളത്തിൽ ഇതിന് കാരണമാകുന്നത്. ഈ കാറ്റുകൾക്ക് മുൻകാല നാവികർ റോറിംഗ് ഫോർട്ടീസ്, ഫ്യൂറിയസ് ഫിഫ്റ്റീസ്, സ്ക്രീമിംഗ് സിക്സ്റ്റീസ് എന്നീ പേരുകൾ നൽകി.

iii) ധ്രുവീയവാതങ്ങൾ:- ധ്രുവീയ ഉച്ചമർദ്ദമേഖലകളിൽ നിന്നും ഉപധ്രുവീയ ന്യൂനമർദ്ദമേഖലകളിലേക്ക് വീശുന്ന കാറ്റുകളാണ് ധ്രുവീയവാതങ്ങൾ. ധ്രുവക്കാറ്റുകൾ ശൈത്യമേറിയതും അതിശക്തവുമാണ്. ധ്രുവീയവാതങ്ങളെ പൂർവ്വവാതങ്ങൾ എന്നും വിളിക്കാറുണ്ട്.

**അല്ലങ്കിൽ**

6. b) ഉത്തരപർവ്വതമേഖലയെ ആ മേഖലയിൽ സ്ഥിതി ചെയ്യുന്ന പർവ്വതനിരകളുടെ അടിസ്ഥാനത്തിൽ മൂന്ന് വിഭാഗങ്ങളായി തരം തിരിച്ചിരിക്കുന്നു.

- ഹിമാചൽ നിരകൾ (The Himalayan Ranges)
- ട്രാൻസ് -ഹിമാലയൻ നിരകൾ (The Trans-Himalayan Ranges)
- കിഴക്കൻ മലനിരകൾ /പൂർവാചൽ (The Eastern Hills)

**ഹിമാചൽ നിരകൾ (The Himalayan Ranges):-** ഹിമാദ്രി, ഹിമാചൽ, സിവാലിക് എന്നിവ ഉൾപ്പെട്ട മേഖലയാണ് ഹിമാലയനിരകൾ. സമാന്തരങ്ങളായ ഈ മൂന്നു മടക്കു പർവ്വതനിരകൾ ചേർന്ന് ഏകദേശം 2400 കിലോമീറ്റർ നീളത്തിൽ രാജ്യത്തിന്റെ വടക്ക് കിഴക്ക് ദിശയിൽ കമാനാകൃതിയിൽ കാണപ്പെടുന്നു. അഞ്ചുലക്ഷം ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ളതും ലോകത്തിലെ ഉയരമേറിയ കൊടുമുടികൾ കാണപ്പെടുന്നതുമായ ഈ മേഖലയ്ക്കു കാശ്മീർ ഭാഗത്ത് 400 കിലോമീറ്റർ വീതിയുമുണ്ട്. എന്നാൽ അരുണാചൽ പ്രദേശിൽ 150 കിലോമീറ്റർ വീതി

Smartindia.net.in

മാത്രമാണുള്ളത്. ഹിമാലയപർവ്വതനിരകളിലെ പ്രധാന പർവ്വതനിരകളായ ഹിമാദ്രി, ഹിമാചൽ, സിവാലിക് എന്നിവയുടെ സവിശേഷതകൾ താഴെപ്പറയുന്നു.

i) ഹിമാദ്രി :- ഹിമാലയത്തിന്റെ നട്ടെല്ല് എന്ന് വിശേഷിപ്പിക്കാവുന്ന ഏറ്റവും ഉയരമേറിയ പർവ്വതനിരയാണ് ഹിമാദ്രി. ശരാശരി 6000 മീറ്ററിനു മുകളിൽ ഉയരമുള്ള പർവ്വതനിരകളായതിനാൽ ഇവിടം ഇപ്പോഴും മഞ്ഞ് മൂടി കാണപ്പെടുന്നു. വർഷം മുഴുവൻ തന്നെ കഠിനമായ തണുപ്പായതിനാൽ ഇവിടം ജനവാസയോഗ്യമല്ല. 8000 മീറ്ററിന് മുകളിൽ ഉയരമുള്ള കാഞ്ചൻജംഗ (8595 മീറ്റർ), നാഗപർവ്വതം (8126 മീറ്റർ) മുതലായവയാണ് ഈ നിരകളിലെ പ്രധാന കൊടുമുടികൾ. വളരെ ഉയരമേറിയ ഈ പർവ്വതനിരകളെ മുറിച്ച് കടക്കുന്നതിനായി പ്രകൃതി തന്നെ ഒരുക്കിയിട്ടുള്ള പല ചുരങ്ങളും ഈ മേഖലയിലെ പ്രത്യേകതയാണ്.

ii) ഹിമാചൽ:- ഹിമാദ്രിക്കും, സിവാലിക്കിനും ഇടയിലായി സ്ഥിതി ചെയ്യുന്നതും ഹിമാദ്രിയേക്കാൾ ഉയരം കുറഞ്ഞതുമായ (ശരാശരി ഉയരം 3000 മീറ്റർ) മടക്ക് പർവ്വതനിരയാണ് ഹിമാചൽ. ഈ മേഖലയിൽ മനോഹരങ്ങളായ കാശ്മീർ, കുളു, കാൻഗ്രാ എന്നീ താഴ്വരകളും ഷിംല, മുസോറി, നൈനിറ്റാൾ, അൽമോറ, ഡാർജിലിംഗ് എന്നീ സുഖവാസകേന്ദ്രങ്ങളും സ്ഥിതി ചെയ്യുന്നു. വേനൽക്കാലത്തെ ചൂടിൽ നിന്നും ആശ്വാസം നേടുവാൻ സമതലപ്രദേശങ്ങളിലെ ജനങ്ങൾ ഈ സ്ഥലങ്ങളിലേക്ക് സന്ദർശനം നടത്താറുണ്ട്. ഹിമാചൽപ്രദേശിലെ റോഹ്ടാങ് ചുരമാണ് ഈ മേഖലയിലെ പ്രധാന ചുരം. പൈൻ, ഓക്ക്, ദേവദാരു, ഫിർ എന്നീ മരങ്ങൾ നിറഞ്ഞ ഇടതൂർന്ന വനങ്ങൾ ഈ മേഖലയിലെ ഹിമാചൽ നിരകളിൽ കാണപ്പെടുന്നു. കൃഷിക്കനുയോജ്യമായ കാലാവസ്ഥയായതിനാൽ ഇവിടെ ആപ്പിൾ, ആപ്രിക്കോട്ട് മുതലായ പഴവർഗ്ഗങ്ങളും തേയിലയും കൃഷി ചെയ്യുന്നു.

iii) സിവാലിക്:- ഹിമാലയനിരകളിൽ ഏറ്റവും തെക്ക് ഭാഗത്തുള്ളതും, ഉയരം കുറഞ്ഞതുമാണ് സിവാലിക് പർവ്വത നിരകൾ. ഈ നിരകളുടെ ചെരുവുകളിൽ ഇടതൂർന്ന കാടുകളും വിവിധങ്ങളായ വന്യജീവികളും കാണപ്പെടുന്നു. സമുദ്രനിരപ്പിൽ നിന്നും ശരാശരി ഉയരം 1220 മീറ്റർ മാത്രമുള്ള ഈ നിരകളിലെ മിക്കപ്രദേശങ്ങളിലും നെല്ല്, ഉരുളക്കിഴങ്ങ്, ചോളം മുതലായവ കൃഷി ചെയ്യുന്നു. തട്ടുതട്ടായുള്ള കൃഷിരീതിയാണ് ഇവിടുത്തെ പ്രത്യേകത. കന്നുകാലി വളർത്തലും ഈ മേഖലയിലെ ജനങ്ങളുടെ മറ്റൊരു തൊഴിലാണ്. ഈ പർവ്വതനിരയ്ക്ക് ലംബമായി

നീളമേറിയതും, വിസ്തൃതവുമായ നിരവധി താഴ്വരകൾ കാണപ്പെടുന്നു. ഇവ ഡ്യൂണുകൾ എന്നറിയപ്പെടുന്നു.

7. 1972-ലെ സ്റ്റോക്ക് ഹോം സമ്മേളനത്തെ തുടർന്നാണ് ഇന്ത്യയിൽ പരിസ്ഥിതി സംരക്ഷണനിയമങ്ങളും വ്യാപകമായി നിർമ്മിക്കപ്പെടുന്നത്. വനം പരിസ്ഥിതി മന്ത്രാലയം, മലിനീകരണനിയന്ത്രണ ബോർഡുകൾ തുടങ്ങിയ ഔദ്യോഗിക സംവിധാനങ്ങൾ പരിസ്ഥിതി സംരക്ഷണത്തിനായി പ്രവർത്തിക്കുന്നു.

8. ഐക്യരാഷ്ട്ര സംഘടന ലക്ഷ്യങ്ങൾ :-

- ലോകസമാധാനത്തിനും, സുരക്ഷിതത്വത്തിനുമായി ഒരുമിക്കുക.
- മനുഷ്യാവകാശങ്ങളും, ചെറുതും വലുതുമെന്ന വ്യത്യാസമില്ലാതെ രാജ്യങ്ങളുടെ അവകാശങ്ങളും ഊട്ടി ഉറപ്പിക്കുക.
- സാമൂഹ്യപുരോഗതിക്കും, ഉയർന്ന ജീവിതനിലവാരം ആർജ്ജിക്കുന്നതിനും രൂപപ്പെടുത്തുന്ന കരാറുകളെയും, അന്തർദേശീയ നിയമങ്ങളെയും ബഹുമാനിക്കുന്ന സാഹചര്യം സൃഷ്ടിക്കുക.
- അയൽരാജ്യങ്ങൾ തമ്മിൽ സഹിഷ്ണുതയിലും സമാധാനത്തിലും അധിഷ്ഠിതമായ ബന്ധം വളർത്തുക.

9. മുതലാളിത്തത്തിൽ നിന്നും കമ്മ്യൂണിസത്തിലേയ്ക്ക് പെട്ടെന്നുണ്ടായ മാറ്റം റഷ്യൻ സമ്പദ് വ്യവസ്ഥയെ വളരെ പ്രതികൂലമായി ബാധിച്ചു. മുതലാളിത്തത്തിന്റെ ചില അനുകൂല ഘടകങ്ങളെ ഫലപ്രദമായി ഉപയോഗിച്ചു കൊണ്ടും എന്നാൽ കമ്മ്യൂണിസത്തിൽ നിന്നു വ്യതിചലിക്കാതെയും ലെനിൻ 1921-ൽ പുത്തൻ സാമ്പത്തിക നയം നടപ്പിലാക്കി. ഇതിൻ പ്രകാരം കർഷകർക്ക് ഇഷ്ടമുള്ള ധാന്യം കൃഷി ചെയ്യാനും, ഉൽപ്പന്നങ്ങൾ പൊതു കമ്പോളത്തിൽ വിൽക്കാനും സ്വാതന്ത്ര്യം നൽകി. തൊഴിലാളികൾക്ക് വേതനം പണമായി നൽകി. സ്വകാര്യ മേഖലയിൽ ചില വ്യവസായങ്ങൾ അനുവദിച്ചു. റഷ്യയുടെ സമ്പദ്വ്യവസ്ഥയെ ശക്തമാക്കുന്നതിന് ഈ നടപടികൾ വളരെയധികം സഹായകമായി.

10. ജനസംഖ്യാവിതരണത്തെ സ്വാധീനിക്കുന്ന ഭൂമിശാസ്ത്ര ഘടകങ്ങൾ താഴെ പറയുന്നവയാണ്.

- ഭൂപ്രകൃതി
- കാലാവസ്ഥ
- ജലലഭ്യത
- മണ്ണിന്റെ ഗുണമേന്മ
- സമുദ്രസാമീപ്യം
- മഴയുടെ ലഭ്യത
- അനുകൂലമായ പരിസ്ഥിതി
- പ്രകൃതിദുരന്തങ്ങളിൽ നിന്നുള്ള സംരക്ഷണം എന്നിവ.

11. സോവിയറ്റ് യൂണിയന്റെ തകർച്ച ലോകത്തെ അമ്പരപ്പിക്കുന്നതായിരുന്നു. മുതലാളിത്തത്തിനെതിരായ സോഷ്യലിസ്റ്റ് ബദലിനു നേതൃത്വം നൽകിയ സോവിയറ്റ് യൂണിയൻ 1991-ൽ ശിഥിലമായി. സോഷ്യലിസത്തിന്റെ അടിസ്ഥാന പ്രമാണങ്ങളിൽ നിന്ന് വ്യതിചലിച്ചത് സോവിയറ്റ് യൂണിയന്റെ തകർച്ചയ്ക്കിടയാക്കി. ആഗോളവൽക്കരണത്തിന്റെ ഭാഗമായുള്ള ബാഹ്യ ഇടപെടലുകൾ സോവിയറ്റ് യൂണിയനെ തളർത്തി. 1985-ൽ അധികാരത്തിലെത്തിയ മിഖായേൽ ഗോർബച്ചേവ് തുടങ്ങിവച്ച പരിഷ്കാരങ്ങൾ സോവിയറ്റ് യൂണിയനെ മുതലാളിത്ത പാതയിലേക്കടുപ്പിച്ചു. ഇത് പാർട്ടിയിലും ഗവൺമെന്റിലും ആഭ്യന്തരപ്രശ്നങ്ങളും ഭരണത്തിൽ അഴിമതിയും വളർന്നു വരുവാൻ കാരണമായി. 1991-ൽ ഡിസംബർ 25-ന് ഗോർബച്ചേവ് പ്രസിഡന്റ് സ്ഥാനം രാജിവച്ചതോടെ സോവിയറ്റ് യൂണിയൻ ഔപചാരികമായി ഇല്ലാതായി. ഇതിന്റെ സ്ഥാനത്തു 15 സ്വതന്ത്രരാഷ്ട്രങ്ങൾ നിലവിൽ വന്നു. സോവിയറ്റ് യൂണിയന്റെ തകർച്ചയോടെ സാമ്രാജ്യത്വത്തിന്റെ ലോകനാട്യങ്ങൾ ചോദ്യം ചെയ്യാൻ എതിരാളി ഇല്ലാതായി. ഇത് അന്തർദേശീയ രംഗത്തു വലിയ പ്രത്യാഘാതങ്ങളുണ്ടാക്കി. ഇരുധ്രുവലോകം തകരുകയും ഒരു ഏകധ്രുവലോകം ഉയർന്നു വരികയും ചെയ്തു.

12. തുടർച്ച നിലനിർത്തുന്നതിനും സ്റ്റീരിയോസ്കോപ്പിന്റെ സഹായത്താൽ ത്രിമാനതലവീക്ഷണം

ലഭ്യമാക്കുന്നതിനും വേണ്ടി ഓരോ ആകാശീയചിത്രങ്ങളിലും തൊട്ടടുത്തുള്ള ചിത്രങ്ങളിലെ ഏകദേശം 60 ശതമാനത്തോളം ഭാഗം കൂടി പകർത്തിയെടുക്കാറുണ്ട്. ഇതാണ് ആകാശീയചിത്രത്തിലെ ഓവർലാപ്പ്. ഓവർലാപ്പോടുകൂടിയ ചിത്രങ്ങൾക്ക് മാത്രമേ ത്രിമാനദൃശ്യ സാധ്യതയുള്ളൂ. ആകാശീയചിത്രങ്ങളെ ത്രിമാനരൂപത്തിൽ കാണുവാൻ ഉപയോഗിക്കുന്ന ഉപകരണമാണ് സ്റ്റീരിയോസ്കോപ്പ്.

13. സാമ്രാജ്യത്വത്തിന്റെ അധിനിവേശത്തിന് വിവിധ കോളനികളുടെ ആഭ്യന്തരസാഹചര്യം അനുകൂലമായിരുന്നു. ഇന്ത്യയിൽ ഭരണത്തിലുണ്ടായിരുന്ന മുഗൾ ഭരണകൂടം പതിനെട്ടാം നൂറ്റാണ്ടിൽ ദുർബലമായി. അതുപോലെ തന്നെ മറ്റു നാട്ടുരാജ്യങ്ങളും ദുർബലമായിരുന്നു. അന്യോന്യം രാഷ്ട്രീയമായി കലഹിച്ചിരുന്ന കൊച്ചു രാജ്യങ്ങൾ സാമ്പത്തികവും, സാമൂഹികവുമായ ജീർണത, പൊതുവായുള്ള അരക്ഷിതാവസ്ഥ ഇതൊക്കെ അന്നത്തെ ഇന്ത്യയുടെ മുഖമുദ്രയായിരുന്നു. ഈ അവസരം മുതലാക്കി ഇന്ത്യയിൽ കച്ചവടത്തിനായി വന്ന യൂറോപ്യന്മാർ തങ്ങളുടെ നില കൂടുതൽ ഭദ്രമാക്കാൻ തുടങ്ങി. ഇതിനായി അവർ ഈ ഭരണകൂടങ്ങളുടെ ആഭ്യന്തര-രാഷ്ട്രീയകാര്യങ്ങളിൽ ഇടപ്പെട്ടു. ബ്രിട്ടീഷ്, ഫ്രഞ്ച് കമ്പനികളായിരുന്നു ഇതിൽ മുമ്പിൽ. ഇവർ ഓരോരുത്തരും മറ്റേ കൂട്ടരേ ഇന്ത്യയിൽ നിന്ന് പുറത്താക്കാൻ ശ്രമിച്ചു. യൂറോപ്പിൽ ഇവർ തമ്മിലുണ്ടായിരുന്ന ശത്രുത അവർ ഇവിടെയും തുടർന്നു. ഇത് ഇന്ത്യയിൽ 1744-നും 1763-നും ഇടയ്ക്ക് നടന്ന കർണ്ണാട്ടിക് യുദ്ധങ്ങളെന്നറിയപ്പെട്ട മൂന്ന് യുദ്ധങ്ങൾക്ക് വഴി വെച്ചു. ഇതിൽ വിജയം ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനിക്കായിരുന്നു. 1757-ൽ നടന്ന പ്ലാസിയുദ്ധവും 1764-ൽ നടന്ന ബക്സാർ യുദ്ധവും മുഗൾ ഭരണ കൂടത്തിനു കീഴിലായിരുന്നു. ബംഗാൾ പ്രവിശ്യയിൽ (ഇന്നത്തെ ബംഗ്ലാദേശും ബീഹാർ, ഒറീസ്സ, പശ്ചിമബംഗാൾ സംസ്ഥാനങ്ങളും) ഇംഗ്ലീഷ് ആധിപത്യം സ്ഥാപിക്കാൻ വഴിയൊരുക്കി. ബക്സാർ യുദ്ധം വിജയിച്ച ഇംഗ്ലീഷുകാർ മുഗൾ ഭരണകൂടത്തിൽ നിന്ന് ദിവാനി അവകാശം സമ്പാദിച്ചു. കീഴടക്കിയ പ്രദേശത്ത് നിന്ന് കരം പിരിക്കാനുള്ള അധികാരമാണ് 'ദിവാനി'. ഇവിടെ നിന്ന് മറ്റു പ്രദേശങ്ങൾ പിടിച്ചടക്കിയും വേറെ ചില പ്രദേശങ്ങൾ സൈനിക സഹായ വ്യവസ്ഥയിലൂടെ കീഴ്പ്പെടുത്തിയും അവർ തങ്ങളുടെ രാഷ്ട്രീയ നിയന്ത്രണം വ്യാപിച്ചു. അങ്ങനെ 1856 ഓടെ ബർമ്മ (ഇന്നത്തെ മ്യാൻമാർ) ഉൾപ്പെടെയുള്ള ഇന്ത്യാ ഉപഭൂഖണ്ഡത്തിന്റെ മിക്കവാറും ഭാഗങ്ങൾ

ബ്രിട്ടീഷുകാരുടെ കീഴിലായി.

14.

- എക്കൽ മണ്ണ്:- കാണപ്പെടുന്ന പ്രകൃതി വിഭാഗങ്ങൾ ഉത്തരമഹാസമതലം, തീരസമതലം ഉയർന്ന ഫലപുഷ്ടിയുള്ളത്, നദീ തീരങ്ങളിലും ഡൽറ്റാ പ്രദേശങ്ങളിലും കാണപ്പെടുന്നു. പുതുതായി രൂപം കൊള്ളുന്നതിനെ ഖാദർ എന്നും പഴയ മണ്ണിനെ ഭംഗർ എന്നും പറയുന്നു.
- കറുത്ത മണ്ണ് (പരുത്തി മണ്ണ്):- ഉപദ്വീപീയ പീഠഭൂമി, ഗുജറാത്തിലെ തീരസമതലഭാഗങ്ങൾ, രാജസ്ഥാന്റെ കിഴക്ക്, സിക്കിമിലും ഈ മണ്ണ് കാണപ്പെടുന്നു. ഫലപുഷ്ടിയും ഈർപ്പ സംഭരണശേഷിയും കൂടുതൽ, പരുത്തികൃഷിയ്ക്ക് വളരെ അനുയോജ്യം. ലാവ പൊടിഞ്ഞ് രൂപം കൊള്ളുന്നു. റിഗർ എന്ന പേരിലറിയപ്പെടുന്നു.
- ചെമ്മണ്ണ് :- ഉപദ്വീപീയ പീഠഭൂമി, ഉത്തരപർവ്വത മേഖലയിലെ വടക്ക് കിഴക്കൻ ഭൂപ്രദേശം, മഹാരാഷ്ട്ര, കേരളം എന്നീ സംസ്ഥാനങ്ങളിലെ തീരസമതല ഭാഗങ്ങളിൽ കാണപ്പെടുന്നു.
  താരതമ്യേന ഫലപുഷ്ടിക്കുറവ്, ഇരുമ്പിന്റെ അംശം ചുവപ്പ് നിറം നൽകുന്നു, കായാന്തരിത ശിലകളും, ആഗ്നേയ ശിലകളും പൊടിഞ്ഞു രൂപം കൊള്ളുന്നു.

15. സംഘടിതമേഖലയിലെ തൊഴിലാളികൾക്ക് നിയമപരമായ ആനുകൂല്യങ്ങളും അവകാശങ്ങളും ലഭിക്കുന്നു. ചിലത് താഴെപ്പറയുന്നതാണ്

- നിയമാനുസൃതമായ വേതനം
- തൊഴിൽ സുരക്ഷിതത്വം
- നിശ്ചിത ജോലിസമയം
- വേതനത്തോട് കൂടിയ അവധി
- പെൻഷൻ
- സ്ഥാനക്കയറ്റവും വേതന വർദ്ധനവും

സംഘടിതമേഖലയിൽ ജോലി ചെയ്യുന്നവരെപ്പോലെ അവകാശങ്ങളും, ആനുകൂല്യങ്ങളും

smartindia.net.in

ലഭിക്കാത്തവർ അസംഘടിതമേഖല തൊഴിലാളികൾ എന്നാണ് അറിയപ്പെടുന്നത്. കാർഷികമേഖലയിൽ തൊഴിലെടുക്കുന്നവർ അസംഘടിതമേഖലയിലെ തൊഴിലാളികൾക്ക് ഉദാഹരണമാണ്.

- നിശ്ചിത ജോലി സമയമില്ല
- വളരെ കുറഞ്ഞ കൂലി
- പെൻഷൻ ആനുകൂല്യങ്ങളില്ല
- അധിക ജോലിക്ക് പ്രത്യേക വേതനമില്ല

16. ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്നതിന് ചില മുന്നൊരുക്കങ്ങൾ ആവശ്യമാണ്.

- രാഷ്ട്രീയ സ്വാതന്ത്ര്യം
- രാഷ്ട്രീയ അവബോധം
- വിദ്യാഭ്യാസം
- സ്വതന്ത്ര മാധ്യമങ്ങൾ

**രാഷ്ട്രീയ സ്വാതന്ത്ര്യം:-** രാഷ്ട്രീയമായി സംഘടിക്കുവാനും ഒരു വ്യക്തിയിൽ നിക്ഷിപ്തമായിരിക്കുന്ന രാഷ്ട്രീയാധികാരങ്ങൾ സ്വന്തം ഇഷ്ടപ്രകാരം പ്രയോഗിക്കാനുമുള്ള പൂർണ്ണമായ സ്വാതന്ത്ര്യമാണ് രാഷ്ട്രീയ സ്വാതന്ത്ര്യം. തെരഞ്ഞെടുപ്പുകളിൽ വോട്ടു ചെയ്യുന്നതിനും അധികാര സ്ഥാനങ്ങളിലേയ്ക്ക് മത്സരിക്കുന്നതിനും അധികാരം കൈയാളുന്നതിനുമുള്ള രാഷ്ട്രീയാവകാശങ്ങൾ ജനാധിപത്യത്തിൽ പൗരർക്ക് ലഭിക്കുന്നു. ഇതോടൊപ്പം അഭിപ്രായം രൂപീകരിക്കുന്നതിനും പ്രകടിപ്പിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം, സംഘടനാ സ്വാതന്ത്ര്യം, ഗവൺമെന്റിനെ വിമർശിക്കാനുള്ള സ്വാതന്ത്ര്യം എന്നീ പൗരാവകാശങ്ങളും രാഷ്ട്രീയ സ്വാതന്ത്ര്യത്തെ ബലപ്പെടുത്തുന്നു.

**രാഷ്ട്രീയ അവബോധം:-** രാഷ്ട്രത്തെയും രാഷ്ട്രീയത്തെയും കുറിച്ചുള്ള അറിവായി ഇതിനെ കണക്കാക്കാം. ആരോഗ്യകരമായ മത്സരം, സഹകരണം, സഹിഷ്ണുത, വ്യക്തമായ രാഷ്ട്രീയ വീക്ഷണം, അനുരഞ്ജനം തുടങ്ങിയവ രാഷ്ട്രീയാവബോധത്തിന്റെ ലക്ഷണങ്ങളാണ്. ഇത് ജനാധിപത്യത്തിന്റെ വിജയത്തിനാവശ്യമാണ്.

17.

| | |
|---|---|
| ചാൾസ് ഡാർവിൻ | പരിണാമ സിദ്ധാന്തം |
| മാക്സ് പ്ലാങ്ക് | ക്വാണ്ടം ബലതന്ത്രം |
| ആൽബർട്ട് ഐൻസ്റ്റീൻ | ആപേക്ഷിക സിദ്ധാന്തം |

18. ജലഗതാഗതമാർഗങ്ങളെ ഉൾനാടൻ ജലഗതാഗത മാർഗമെന്നും, സമുദ്രജല ഗതാഗതമെന്നും തരം തിരിച്ചിരിക്കുന്നു. കായൽ, നദി തുടങ്ങിയ ജലാശയങ്ങളിലൂടെയുള്ള ഗതാഗതത്തെയാണ് ഉൾനാടൻ ജലഗതാഗതമെന്ന് അറിയപ്പെടുന്നത്. ഗംഗ - ബ്രഹ്മപുത്ര നദികളും അവയുടെ പോഷക നദികളും ഗോദാവരി, കൃഷ്ണനദികൾ അവയുടെ കനാലുകൾ ആന്ധ്രാ തമിഴ്നാട് എന്നിവിടങ്ങളിലെ ബക്കിംഗ്ഹാം കനാൽ, ഗോവയിലെ മണ്ഡോവി, സുവാരി നദികൾ, കേരളത്തിലെ കായലുകൾ എന്നിവിടങ്ങളിലാണ് ഇന്ത്യയിലെ ഉൾനാടൻ ജലഗതാഗതം പ്രധാനമായും കേന്ദ്രീകരിച്ചിരിക്കുന്നത്.

19. എക്സൈസ് ഡ്യൂട്ടി ഒരു വസ്തുനികുതിയാണ്. വസ്തുക്കളുടെ ഉത്പാദനത്തിലാണ് ഈ നികുതി ചുമത്തുന്നത്.
കസ്റ്റംസ് തീരുവ വസ്തുക്കളുടെ ഇറക്കുമതിയിന്മേലോ കയറ്റുമതിയിന്മേലോ ചുമത്തുന്ന നികുതിയാണിത്. വിദേശ വ്യാപാരം നിയന്ത്രിക്കുന്നതിനുള്ള ഉപകരണം കൂടിയായി കസ്റ്റംസ് തീരുവ ഉപയോഗിക്കപ്പെടുന്നു.

20. a) ജാതിവ്യവസ്ഥയിൽ അധിഷ്ഠിതമായ സമൂഹമാണ് കേരളത്തിൽ ഉണ്ടായിരുന്നത്. എല്ലാ ജാതികൾക്കുള്ളിലും അനാചാരങ്ങളും, അന്ധവിശ്വാസങ്ങളും നിലനിന്നിരുന്നു. അതുപോലെ അവർണജാതിയിൽപ്പെട്ടവർക്ക് വഴിനടക്കാനും, ആരാധിക്കാനും, സർക്കാരുദ്യോഗം വഹിക്കുന്നതിനും വിലക്കുകളുണ്ടായിരുന്നു. ഇത്തരം അവശതകൾ പരിഹരിക്കുന്നതിന് വേണ്ടി ഉയർന്നു വന്നതാണ് സാമൂഹ്യപരിഷ്കരണപ്രസ്ഥാനങ്ങൾ. അവശതകൾക്കെതിരെ സൈദ്ധാന്തികമായും, പ്രായോഗികമായും പോരാടിയവരായിരുന്നു നവോത്ഥാനനായകന്മാർ.

- തിരുവിതാംകൂർപ്രദേശത്തെ ചാന്നാർ ജനവിഭാഗത്തിന്റെ അവശതകൾക്ക് അറുതി

വരുത്താൻ നേതൃത്വം നൽകിയ വൈകുണ്ഠസ്വാമിയുടെ പ്രവർത്തനം ഇതിൽ എടുത്തു പറയേണ്ടതാണ്. മിഷനറിമാരുടെ വിദ്യാഭ്യാസപ്രവർത്തനങ്ങളുടെ ഫലമായി തങ്ങളുടെ സാമൂഹ്യാവസ്ഥ തിരിച്ചറിഞ്ഞ ചാന്നാർവിഭാഗത്തെ പൊരുതാൻ കെൽപ്പുള്ള മനസ്സിനുടമകളാക്കിയത് അദ്ദേഹമാണ്. മാറു മറയ്ക്കുന്നതിനുള്ള അവകാശത്തിനായി സമരം നടത്തി ചാന്നാർ സ്ത്രീകൾ ചരിത്രം കുറിച്ചു. 1822 മുതൽ ഇതിനായി നടത്തിയ ചാന്നാർ കലാപം 1859-ൽ വിജയത്തിൽ കലാശിച്ചു. ചാന്നാർ സ്ത്രീകൾക്ക് മാറിൽ മേൽമുണ്ട് ധരിക്കാമെന്ന് മഹാരാജാവിന് ഉത്തരവിറക്കേണ്ടി വന്നത് നീണ്ട കാലത്തെ ചെറുത്തു നിൽപ്പിനെ തുടർന്നാണ്.

- അബ്രാഹ്മണ ജാതികളുടെ ഉയർത്തെഴുന്നെൽപ്പിനു ആശയത്തിന്റെ പടച്ചട്ട നൽകുന്നതിന് ശ്രമിച്ചവരിൽ പ്രമുഖനാണ് ചട്ടമ്പി സ്വാമികൾ. വേദപഠനത്തിനും, ഈശ്വരാരാധനയ്ക്കും അബ്രാഹ്മണവിഭാഗങ്ങൾക്കൊക്കെയും അവകാശമുണ്ടെന്ന് തന്റെ കൃതികളിലൂടെ അദ്ദേഹം പ്രചരിപ്പിച്ചു.
- ചട്ടമ്പി സ്വാമികളുടെ നിലപാടുകൾക്ക് പ്രായോഗിക രൂപം നൽകിയത് ശ്രീനാരായണ ഗുരുവാണ്. വൈകുണ്ഠസ്വാമികളുടെ ആശയങ്ങളും ഗുരുവിനെ ഏറെ സ്വാധീനിച്ചിരുന്നു. കേരളീയ നവോത്ഥാനത്തിന്റെ മുഖ്യശില്പികളിലൊരാളാണ് ശ്രീനാരായണഗുരു. സങ്കീർണമായ ജാതിവ്യവസ്ഥയുടെയും, അന്ധവിശ്വാസത്തിലധിഷ്ഠിതമായ ആരാധനാക്രമങ്ങളുടെയും തടവറയിൽ നിന്ന് മനുഷ്യനെ മോചിപ്പിക്കാനായിരുന്നു അദ്ദേഹം ശ്രമിച്ചത്. സംഘടിച്ചു ശക്തരാകാനും, വിദ്യ കൊണ്ട് പ്രബുദ്ധരാകാനും ഗുരു ഉപദേശിച്ചു. ഇരുപതാം നൂറ്റാണ്ടിൽ കേരളം കൈവരിച്ച സാമൂഹ്യ - സാംസ്കാരിക സാഹിത്യ - രാഷ്ട്രീയ മേഖലകളിലൊക്കെയും ഉണ്ടായ നേട്ടങ്ങളുടെ വേരുകൾ ചെന്നെത്തുക ശ്രീനാരായണഗുരുവിലാണ്.
- അയ്യൻകാളി, വക്കം അബ്ദുൾഖാദർ മൗലവി, കുമാര ഗുരുദേവൻ തുടങ്ങി ഒട്ടേറെ നവോത്ഥാന നായകരുടെ ആശയങ്ങളും പ്രവർത്തനങ്ങളും ആധുനിക കേരള സമൂഹത്തിന്റെ പിറവിക്ക് കാരണമായി.
- ഓരോ ജനവിഭാഗങ്ങളിലും വളർന്നുവന്ന ചെറുത്തു നിൽപ്പിന്റെ പ്രസ്ഥാനങ്ങൾ ഒരു തരത്തിൽ സാമ്രാജ്യത്വത്തിനെതിരായ സ്വാതന്ത്ര്യപ്രസ്ഥാനത്തിന്റെ ഭാഗം

Smartindia.net.in

തന്നെയായിരുന്നു. ജാതിയുടെ ചങ്ങലക്കെട്ടുകൾ തകർക്കുന്നതിലൂടെ മനുഷ്യന്റെ സ്വാതന്ത്ര്യപ്രഖ്യാപനമാണ് നവോത്ഥാന നായകർ നടത്തിയത്. ഇത്തരം സമരങ്ങളിലൂടെ ഉണ്ടായ തിരിച്ചറിവുകളാണ് കേരളത്തിൽ ദേശീയ സ്വാതന്ത്ര്യസമരപ്രസ്ഥാനത്തെ നയിച്ചത്. സമുദായത്തിലെ അനാചാരങ്ങൾക്കും, അനീതികൾക്കും എതിരായ ചെറുത്തു നിൽപുകളെ സാമ്രാജ്യത്വഭരണത്തിനെതിരായി നടന്ന സ്വാതന്ത്ര്യസമര പ്രസ്ഥാനങ്ങളുമായി ബന്ധിപ്പിക്കുകയുണ്ടായി ഇല്ലെങ്കിൽ ബ്രിട്ടീഷ് അധികാരികൾക്ക് വളരെ എളുപ്പം ഇവിടത്തെ ചെറുത്തു നിൽപ്പുകളെ ഒതുക്കിതീർക്കാമായിരുന്നു.

- ദേശീയ പ്രസ്ഥാനത്തിന്റെ പ്രധാനലക്ഷ്യങ്ങളിലൊന്നായിരുന്നു സാമൂഹിക അസമത്വം പരിഹരിക്കുക എന്നത്. 1923-ലെ കാക്കിനാഡ കോൺഗ്രസ് സമ്മേളനം ഇങ്ങനെ ഒരു തീരുമാനം എടുത്തിരുന്നു. ആയിത്താചരണം ശക്തമായിരുന്ന നമ്മുടെ നാട്ടിൽ അതിനെതിരെ സംഘടിതമായ നീക്കം ഉണ്ടാകേണ്ടതിന്റെയും, മനുഷ്യരുടെ ഐക്യം ഉറപ്പുവരുത്തേണ്ടതിന്റെയും പ്രാധാന്യം നവോത്ഥാന നായകർ ബോധ്യപ്പെടുത്തി. സാമ്രാജ്യത്വത്തിനെതിരെയുള്ള പോരാട്ടത്തിന്റെ ഭാഗം തന്നെയാണ്. അനചാരങ്ങൾക്കെതിരെയുള്ള പ്രവർത്തനവും എന്ന തിരിച്ചറിവ് വ്യാപകമായി. ഇതിന്റെ ഭാഗമായിരുന്നു വൈക്കം സത്യാഗ്രഹവും ഗുരുവായൂർ സത്യാഗ്രഹവും.

**അല്ലെങ്കിൽ**

20. b) 1921 ഏപ്രിലിൽ ഒറ്റപ്പാലത്ത് അഖില കേരള കോൺഗ്രസ് സമ്മേളനം ചേർന്നു. മലബാർ - കൊച്ചി- തിരുവിതാംകൂർ പ്രദേശക്കാർ കേരളീയരെന്ന നിലയ്ക്ക് ഒന്നിച്ചു കൂടിയത് സമ്മേളനത്തിന്റെ പ്രത്യേകതയാണ്. കോൺഗ്രസിന്റെ നാഗ്പൂർ സമ്മേളനത്തിന്റെ തീരുമാനങ്ങളെ കേരളത്തിലെ പ്രവർത്തകർ സ്വാഗതം ചെയ്തു. ബ്രിട്ടീഷ് ഗവൺമെന്റ് നടത്തുന്ന വിദ്യാലയങ്ങളിലോ, ഗവൺമെന്റ് ഗ്രാന്റ് സ്വീകരിക്കുന്ന വിദ്യാലയങ്ങളിലോ കുട്ടികളെ ചേർക്കരുതെന്ന് രക്ഷിതാക്കളോടഭ്യർത്ഥിക്കുന്നതായിരുന്നു നാഗ്പൂർ സമ്മേളനത്തിലെ ഒരു തീരുമാനം.

- വക്കീലന്മാർ പ്രാക്ടീസ് നിർത്തുക.
- വിദേശ വസ്ത്രം ഉപേക്ഷിക്കുക.

- സ്വദേശി വസ്തുക്കൾ മാത്രം ഉപയോഗിക്കുക.
- മദ്യവർജ്ജനത്തിനും, അയിത്തോച്ചാടനത്തിനും പ്രാധാന്യം നൽകുക.

  തുടങ്ങിയവയായിരുന്നു മറ്റു തീരുമാനങ്ങൾ

1928 -ഫെബ്രുവരിയിൽ സൈമൺ കമ്മീഷനിലെ അംഗങ്ങൾ ബോംബെയിൽ കപ്പലിറങ്ങിയപ്പോൾ കമ്മീഷൻ ബഹിഷ്കരിക്കാൻ ഇന്ത്യൻ നാഷണൽ കോൺഗ്രസ് തീരുമാനിച്ചിരുന്നു. കേരളത്തിന്റെ മുക്കിലും, മൂലയിലും പ്രതിഷേധയോഗങ്ങളും, ഹർത്താലുകളും നടത്തിക്കൊണ്ട് ജനങ്ങൾ സൈമൺ കമ്മീഷൻ വിരുദ്ധപ്രചാരണം നടത്തി.

1928 മേയ് മാസം പയ്യന്നൂരിൽ ജവഹർലാൽ നെഹ്റുവിന്റെ അദ്ധ്യക്ഷതയിൽ നടന്ന നാലാം കേരള സംസ്ഥാന കോൺഗ്രസ് സമ്മേളനം ജനങ്ങളെ ആവേശഭരിതരാക്കി.

1929 ലെ ലോകസാമ്പത്തികമാന്ദ്യം നമ്മുടെ നാടിനെയും ബാധിച്ചിരുന്നു. കേരളത്തിലെ കാർഷിക ഉൽപ്പന്നങ്ങളുടെ വില കുത്തനെ ഇടിഞ്ഞു. എന്നാൽ പാട്ടവും നികുതിയുമായി കൃഷിക്കാരിൽ നിന്നും മറ്റും നികുതി ഈടാക്കുന്നതിൽ ഒരു വിട്ടുവീഴ്ചയും ബ്രിട്ടീഷുകാർ വരുത്തിയതുമില്ല.

1930-ൽ മഹാത്മജിയുടെ നേതൃത്വത്തിൽ നടന്ന ഉപ്പുസത്യാഗ്രഹം ഇന്ത്യൻ മനസ്സുകളെ ഒരു ചരടിൽ കോർത്തുകെട്ടി. കേരളത്തിലും അതിശക്തമായ പ്രചാരണ പരിപാടികൾ ഉപ്പ സത്യാഗ്രഹത്തിന്റെ ഭാഗമായി നടന്നു. കെ.കേളപ്പന്റെ നേതൃത്വത്തിൽ വളണ്ടിയർ സംഘം 1930 ഏപ്രിൽ മാസം ഉപ്പു നിയമം ലംഘിക്കാൻ കോഴിക്കോട്ടു നിന്ന് പയ്യന്നൂരിലേയ്ക്ക് കാൽ നടയായി പുറപ്പെട്ടു. ടി. ആർ. കൃഷ്ണസ്വാമി അയ്യരുടെ നേതൃത്വത്തിൽ മറ്റൊരു സംഘവും പുറപ്പെട്ടു. മലബാറിലെങ്ങും നിയമലംഘനം തുടർന്നു. ഉപ്പു കുറുക്കൽ, ഘോഷയാത്ര, പൊതുയോഗങ്ങൾ, പിക്കറ്റിംഗ് എന്നിവയിലൂടെ ബ്രിട്ടീഷ് വിരുദ്ധ മനോഭാവം ശക്തമായി. പ്രാദേശികമായി രൂപപ്പെടുന്ന പ്രശ്നങ്ങളും, ദേശീയ സ്വാതന്ത്ര്യസമരവും തമ്മിൽ ബന്ധപ്പെടുത്താൻ 1930 കളോടെ ശ്രമം തുടങ്ങിയിരുന്നു. അവകാശബോധവും സ്വാതന്ത്ര്യബോധവും ഒരുപോലെ വളർന്നു വരുവാൻ ഇതുകാരണമായി.

1928 ജൂലൈയിൽ നടന്ന റെയിൽവേ പണിമുടക്കിന് കേരളത്തിലും നല്ല പ്രതികരണമുണ്ടായി. ഇത്തരം സമരങ്ങൾ ചെറുകിട വ്യവസായമേഖലയിലെ തൊഴിലാളികൾക്ക് ആവേശം പകർന്നു.


1930-32-ലെ നിയമലംഘന പ്രസ്ഥാനം തൊഴിലാളികൾക്കിടയിൽ ഉണർവുണ്ടാക്കി. കൂലി വെട്ടിക്കുറച്ചതിനെത്തുടർന്നു കോഴിക്കോട് കോമൺ വെൽത്ത് നെയ്ത്ത്കമ്പനി തൊഴിലാളികൾ 1931 മാർച്ച് 5-ന് പണിമുടക്കാരംഭിച്ചു. 1935 ഫെബ്രുവരിയിൽ കോഴിക്കോട് ഫറോക്കിലെ ടൈൽ ഫാക്ടറി തൊഴിലാളികൾ സമരം ചെയ്തു. 1935 നവംബർ 11-ന് കോഴിക്കോട് കോട്ടൺമിൽ തൊഴിലാളികൾ പണിമുടക്ക് നടത്തി.

1942 ആഗസ്റ്റ് 9 'ഇന്ത്യ വിടുക' എന്ന മുദ്രാവാക്യം ഉയർത്തി നാടെങ്ങും പ്രതിഷേധ പരിപാടികൾ മുമ്പെങ്ങുമില്ലാത്തവിധം തെരുവോരങ്ങളിൽ ജാഥകൾ, പൊതുയോഗങ്ങൾ നിരോധിച്ച ലഘുലേഖകളുടെ വിതരണം, കോടതികളെയും വിദ്യാലയങ്ങളെയും ബഹിഷ്കരിക്കാൻ മലബാറിൽ ചിലയിടങ്ങളിൽ പ്രതിഷേധം അക്രമാസക്തമായി.
1941 ൽ കയ്യൂരിലും 1946-ൽ കരിവള്ളൂരിലും നടന്ന കർഷകകലാപങ്ങൾ ജന്മിത്വത്തിനും സാമ്രാജ്യത്വത്തിനും എതിരെ നടന്ന ജനകീയ സമരരൂപങ്ങളായിരുന്നു. തൊഴിലാളി വർഗ്ഗത്തിന്റെ നേതൃത്വത്തിൽ സാമ്രാജ്യത്വത്തിനെതിരെ ശക്തമായ ജനാധിപത്യവൽക്കരണപ്രക്രിയ വളരുന്നതിന്റെ സൂചനയായിരുന്നു. 1946-ൽ ആലപ്പുഴയിലെ പുന്നപ്ര - വയലാറിൽ നടന്ന സമരം.

21. കർഷകരുടെയും, കൈത്തൊഴിലുകാർക്കും, ചെറുകിട വ്യവസായികൾക്കും ആവശ്യമായ സാമ്പത്തിക സഹായങ്ങൾ നൽകുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചവയാണ് സഹകരണ ബാങ്കുകൾ.
സഹകരണ ബാങ്കുകളുടെ ലക്ഷ്യങ്ങൾ താഴെ ചേർക്കുന്നു.

- ഗ്രാമീണ ജനങ്ങളിൽ സമ്പാദ്യശീലം വളർത്തുക.
- സ്വയം സഹായവും, പരസ്പര സഹായവും ചെയ്യുവാനുള്ള മനോഭാവം വളർത്തുക.
- ഗ്രാമീണ നിക്ഷേപം വികസിപ്പിക്കുക.
- സാമൂഹ്യ പുരോഗതിക്ക് പ്രാധാന്യം നൽകുക.

കേരളത്തിലെ സഹകരണ ബാങ്കുകളുടെ ഘടന ചുവടെ നൽകിയിരിക്കുന്നു.




22. അവകാശങ്ങളും, സ്വാതന്ത്ര്യവും സംബന്ധിച്ച് അമേരിക്കൻ സ്വാതന്ത്ര്യസമരകാലത്ത് ഉയർന്നുവന്ന ചിന്തകരുടെ അഭിപ്രായമാണിത്. "ഭരണകൂടത്തിനും രാഷ്ട്രത്തിനും അവയെ സൃഷ്ടിക്കുകയും അവയ്ക്ക് കീഴിൽ ജീവിക്കുകയും ചെയ്യുന്ന മനുഷ്യരുടെ താൽപര്യങ്ങൾക്കപ്പുറം ഒരു ലക്ഷ്യവുമില്ല".

സ്വാതന്ത്ര്യത്തിനും, സ്വൈര്യജീവിതത്തിനും വേണ്ടി അമേരിക്കയിലേയ്ക്ക് കുടിയേറിയവരെ കോളനിഭരണത്തിലൂടെ നിയന്ത്രിക്കാൻ ബ്രിട്ടൺ ശ്രമിച്ചു. ഇത് കോളനി വാഴ്ചയിൽ നിന്ന് സ്വാതന്ത്ര്യം പ്രഖ്യാപിക്കുവാൻ അമേരിക്കയിലെ കോളനിവാസികളെ പ്രേരിപ്പിച്ചു. അവരുടെ പ്രതിനിധികൾ ഫിലാഡൽഫിയയിൽ സമ്മേളിച്ചു. 1776 ജൂലായിൽ കോളനികളുടെ സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. അമേരിക്കൻ കോളനിവാസികളുടെ സ്വാതന്ത്ര്യത്തിന്റെയും, അവകാശങ്ങളുടെയും സ്ഥാപിച്ചെടുക്കൽ കൂടിയാണ് ഈ സ്വാതന്ത്ര്യ പ്രഖ്യാപനം. ഇതോടനുബന്ധിച്ച് അമേരിക്കൻ ഐക്യനാടുകളിൽ നിലവിൽ വന്ന ഭരണഘടന യൂറോപ്പിൽ നിന്നും കുടിയേറിയ അമേരിക്കക്കാരുടെ മനുഷ്യാവകാശങ്ങൾക്ക് പരിരക്ഷ നൽകി. അതേ നൂറ്റാണ്ടിൽ തന്നെയാണ് ഫ്രഞ്ച് വിപ്ലവവും അതിന്റെ ഭാഗമായുള്ള മനുഷ്യാവകാശ പ്രഖ്യാപനവും നടന്നത്. ഏകാധിപതിയായ ഫ്രഞ്ച് ഭരണാധികാരി ലൂയി പതിനാറാമൻ ഫ്രഞ്ച് പാർലമെന്റ് പിരിച്ചു വിടുകയും ജനങ്ങളുടെ അവകാശങ്ങൾ നിഷേധിക്കുകയും ചെയ്തു. അതേത്തുടർന്ന് 1789-ൽ സാധാരണ ജനങ്ങളുടെ നേതൃത്വത്തിൽ ഫ്രാൻസിലെ ദേശീയ

smartindia.net.in

അസംബ്ലി ചേർന്ന് മനുഷ്യാവകാശ പ്രഖ്യാപനത്തിന് രൂപം നൽകി. ഫ്രഞ്ച് വിപ്ലവത്തിന്റെ അടിത്തറയായി വർത്തിച്ച സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ ആശയങ്ങൾ മനുഷ്യ സ്വാതന്ത്ര്യം ഉറപ്പാക്കുന്ന ഭരണഘടനയ്ക്ക് രൂപം നല്കാൻ ലോകരാഷ്ട്രങ്ങൾക്ക് പ്രചോദനമായി.

23.


| A | B |
|---|---|
| ജർമ്മനി | മാർട്ടിൻ ലൂഥർ |
| സ്വിറ്റ്സർലാന്റ് | അൾറിച്ച് സ്വിംഗ്ളി |
| ഇംഗ്ലണ്ട് | ഹെൻറി എട്ടാമൻ |
| ഫ്രാൻസ് | ക്വാണ്ടം ബലതന്ത്രം |

24.

- അന്താരാഷ്ട്ര സംഘടനകളും, അന്താരാഷ്ട്ര കരാറുകളും ലോകവ്യാപാര സംഘടന, അന്താരാഷ്ട്ര നാണയനിധി, ലോകബാങ്ക്, സ്വാതന്ത്ര്യവ്യാപാര കരാറുകൾ
- ബഹുരാഷ്ട്ര കമ്പനികൾ വിദേശ മൂലധനനിക്ഷേപം
- വാർത്താവിനിമയ രംഗത്തുണ്ടായ മാറ്റങ്ങൾ ടി.വി., മൊബൈൽ ഫോൺ
- ഗതാഗത രംഗത്തുണ്ടായ മാറ്റങ്ങൾ - ജെറ്റ് വിമാനം, കണ്ടെയ്നർ കപ്പൽ

Smartindia.net.in

25.




- a) ആരവല്ലി പർവ്വതനിര:- ഏകദേശം ഡൽഹി മുതൽ ഗുജറാത്തിലെ പലാൻപൂർവരെ നീണ്ട് കിടക്കുന്ന ഈ പർവ്വതനിരകൾ. ലോകത്തിലെ പഴക്കമേറിയ പർവ്വതനിരകളിലൊന്നാണിത്.

- b) താപ് തി നദി:- 724 കിലോമീറ്റർ നീളമുള്ള ഈ നദി മദ്ധ്യപ്രദേശിലെ ബെതുൽ ജില്ലയിൽ സ്ഥിതി ചെയ്യുന്ന മുൻതായ് പീഠഭൂമിയിൽ നിന്ന് ഉത്ഭവിച്ച് മഹാരാഷ്ട്രയിലെ വിദർഭയിലെത്തി ഗുജറാത്തിലെ സൂററ്റിലൂടെ അറബിക്കടലിൽ പതിക്കുന്നു. അഗർ, ഗിർ എന്നിവ പ്രധാന പോഷകനദികളാണ്.

- c) അരുണാചൽപ്രദേശ് :- ഇവിടുത്തെ ജനങ്ങളുടെ പ്രധാന വരുമാന മാർഗ്ഗം കൃഷിയാണ്. ബുദ്ധവിഹാരകേന്ദ്രങ്ങളും, ആപ്പിൾ തോട്ടങ്ങളും വിനോദസഞ്ചാരികളെ

ഇവിടേക്കാകർഷിക്കുന്നു.

- d) വിശാഖപട്ടണം :- ആന്ധ്രാപ്രദേശിലെ ഒരു പ്രധാന നഗരമാണിത്. ഇന്ത്യയുടെ കിഴക്കൻ നാവികപ്പടയുടെ ആസ്ഥാനം കൂടിയാണിത്.

Smartindia.net.in